## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 306 — 30.01.2014-ൽ മറുപടിക്ക്.

### സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി. ഉബൈദുള്ള | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ അപര്യാപ്തത സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ചുരുക്കം ചില പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് സൗകര്യമില്ല എന്ന് കാണിച്ചു കൊണ്ട് മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതിയിന്മേൽ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) മോഡണൈസേഷൻ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും, അടിസ്ഥാന സൗകര്യവികസന കാര്യത്തിൽ പിന്നോക്കാവസ്ഥ തുടരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | : (ബി) പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി തുടങ്ങിയ പദ്ധതിയാണ് MoPF Scheme ( മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം) ഈ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ പിന്നോക്കാവസ്ഥ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം, റസ്റ്റ് റൂം, ഹെൽപ്പ് ഡെസ്ക്ക്, വാഹനങ്ങൾ, ആയുധങ്ങൾ, പ്രാഥമിക സൗകര്യങ്ങൾ എന്നിവയെല്ലാം ഈ പദ്ധതിയിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) മോഡേണൈസേഷന് ഇതുവരെ ചെലവഴിച്ച തുകയുടെയും, അതിൽ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു ചെലവിട്ട തുകയുടെയും ഉദ്യോഗസ്ഥർക്ക് കാറുകൾ വാങ്ങാൻ ചെലവിട്ട തുകയുടെയും വിശദാംശം വെളിപ്പെടുത്തുമോ? | സി) ക്രമസമാധാന പരിപാലനത്തിന്റെയും, കേസന്വേഷണത്തിന്റെയും ഭാഗമായി പോലീസ് സേനയ്ക്ക് വേണ്ടി ഈ പദ്ധതിയിലൂടെ വാങ്ങിയ ഓപ്പറേഷണൽ വാഹനങ്ങൾ ഓഫീസർമാർ ഉപയോഗിക്കുന്നുണ്ട്. MoPF പദ്ധതിയിലൂടെ ഇതുവരെ ചെലവഴിച്ച തുകയുടെയും പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യത്തിന് വേണ്ടി ചെലവിട്ട തുകയുടെയും വാഹനങ്ങൾ വാങ്ങാൻ ചെലവിട്ട തുകയുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| MoPF Scheme Year | Utilised Amount (Rs. in lakhs) | Amount utilised for basic requirements of PSs (Rs. in lakhs) | Amount utilised for purchasing Operational Vehicles Rupees (in lakhs) |
|---|---|---|---|
| 2000-01 | 5,860.94 | 599.92 | 107.99 |
| 2001-02 | 6,224.00 | 1,477.18 | 103.79 |
| 2002-03 | 6,224.65 | 1,417.39 | 127.16 |
| 2003-04 | 6,179.84 | 1,216.37 | 63.70 |
| 2004-05 | 5,647.65 | 1,368.19 | 117.80 |
| 2005-06 | 3,543.59 | 911.94 | 150.41 |
| 2006-07 | 3,066.75 | 1,244.39 | -- |
| 2007-08 | 5,215.00 | 1,985.66 | -- |
| 2008-09 | 3,071.60 | 1,384.42 | -- |
| 2009-10 | 4,361.49 | 1,566.37 | -- |
| 2010-11 | 5,589.98 | 1,883.39 | -- |
| 2011-12 | 3,573.51 | 1,033.20 | 154.21 |
| 2012-13 | 1060.86 | 80.26 | 21.61 |